LIBRARY ARCHIVES Kerala Legislative Assembly

തൃശൂർ ജില്ലയിൽ നവീകരിച്ച ലക്ഷം വീടുകൾ

118 (5818) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലക്ഷം വീട് നവീകരണ പദ്ധതിയിലുൾപ്പെടുത്തി തൃശൂർ ജില്ലയിൽ എത്ര വീടുകളാണ് നവീകരിച്ചത് ;

(ബി) മണലൂർ നിയോജകമണ്ഡലത്തിൽ എത്ര വീടുകൾ നവീകരിച്ചു ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി പ്രകാരം തൃശൂർ ജില്ലയിലെ 1093 വീടുകൾ പുനർ നിർമ്മിക്കാൻ സർക്കാർ സബ്സിഡിയായി 3,55,62,500 രൂപ വിതരണം ചെയ്യുകയും ഇതിൽ 474 വീടുകളുടെ പണികൾ ആരംഭിക്കുകയും 184 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മുൻ ലക്ഷം വീട് പദ്ധതിപ്രകാരം തൃശൂർ ജില്ലയിൽ 83 വീടുകൾ നവീകരിക്കുന്നതിന് 16,60,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) മണലൂർ നിയോജകമണ്ഡലത്തിലെ എളവള്ളി, മുല്ലശ്ശേരി, മണലൂർ, വെങ്കിടങ്ങ് എന്നീ പഞ്ചായത്തുകളിൽ 93 വീടുകളുടെ പുനർ നിർമ്മാണത്തിനായി എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി പ്രകാരം 44,87,500 രൂപ സർക്കാർ സബ്സിഡിയായി വിതരണം ചെയ്തിട്ടുണ്ട്. മണലൂർ, മുല്ലശ്ശേരി എന്നീ പഞ്ചായത്തുകൾ യഥാക്രമം 11-ഉം, 9-ഉം വീടുകളുടെ പണികൾ ആരംഭിക്കുകയും മണലൂർ പഞ്ചായത്ത് 7 വീടുകളുടെ പണികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ലക്ഷം വീട് പദ്ധതി

119 (5819) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി നിയോജകമണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് ലക്ഷം വീട് കോളനിയിലെ ഇരട്ട വീടുകൾ, ഒറ്റ വീടുകൾ ആക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര വീടുകൾ ഒറ്റ വീടുകളായി നവീകരിച്ചു ; ഇതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ചാലക്കുടി നിയോജകമണ്ഡലത്തിലെ കോടശ്ശേരി, കാടുകുറ്റി എന്നീ പഞ്ചായത്തുകളിലാണ് ഇരട്ട വീടുകൾ ഒറ്റവീടുകളാക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം കോടശ്ശേരി പഞ്ചായത്തിൽ 21-ഉം, കാടുകുറ്റി പഞ്ചായത്തിൽ 16-ഉം വീടുകൾ നിർമ്മിക്കുന്നതിന് യഥാക്രമം 8,62,500 രൂപയും 4,87,500 രൂപയും സർക്കാർ സബ്സിഡിയായി അനുവദിച്ചു നൽകിയിട്ടുണ്ട്. ഇതിൽ കോടശ്ശേരി പഞ്ചായത്തിൽ 20-ഉം കാടുകുറ്റി പഞ്ചായത്തിൽ 7-ഉം വീടുകളുടെ പുനർനിർമ്മാണം ആരംഭിച്ചിട്ടുണ്ട്.